LIBRARY ARCHIVES Kerala Legislative Assembly

**ഗവ. പ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്ററുടെ ഒഴിവുകൾ**

237(4247) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവ.പ്രൈമറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എപ്പോഴേയ്ക്ക് നിയമനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രൈമറി ഹെഡ് മാസ്റ്റർ പ്രൊമോഷൻ സംബന്ധിച്ച നടപടികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

**വി.എച്ച്.എസ്.സി. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനം**

238(4248) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത നിയമനത്തിന് അർഹമായ സർവ്വീസ് കാലം ടീച്ചിംഗ്, നോൺ ടീച്ചിംഗ് മേഖല തിരിച്ച് വ്യത്യസ്തമാണോ എന്ന് വ്യക്തമാക്കാമോ?

വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന്റെ മാനദണ്ഡം ഉൾക്കൊള്ളുന്ന കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് റൂൾസിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു.*

(ബി) അസിസ്റ്റന്റ് ഡയറക്ടറുടെ നിയമനത്തിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ മാത്രം പത്ത് വർഷത്തെ സർവ്വീസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ?

വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ടെക്നിക്കൽ ഓഫീസർ/വൊക്കേഷണൽ ടീച്ചർ തസ്തികയിലിലോ/തസ്തികകളും കൂടിയോ, റിസർച്ച് അസിസ്റ്റന്റ്/നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലോ/തസ്തികകളും കൂടിയോ, സീനിയർ സൂപ്രണ്ട് തസ്തികയിലോ ഏറ്റവും കുറഞ്ഞത് 10 വർഷത്തെ സർവ്വീസ് ആവശ്യമാണ്.

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.